കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുതുവല്ലൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


**കേരള സംസ്ഥാന ഓഡിറ്റ് മലപ്പുറം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം**

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.9/2252/2019

കേരള സംസ്ഥാന ഓഡിറ്റ് 

ജില്ലാ ഓഡിറ്റ് കാര്യാലയം,മ

തീയതി 14/10,

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുതുവല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുതുവല്ലൂർ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതു ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓ റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾ ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തി പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദ ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പ പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓ സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് ശ്ര കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15( 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എ കാണുക)

വിശ്വസ്തതയോ

ഡെപ്യൂട്ടി ഡയ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4) കാര്യാലയ പകർപ്പ്

എബികെ

നം കെ.എസ്.എ.എം.പി.എം.9/2252/2019

തിയതി:14/10,

**മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേല**

**ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡ വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 25.09.18 മുതൽ 18.08.19 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്ത ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓ പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെ ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡ ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെ അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

-----------------------------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. അജിത്ത് ആർ, ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19-08-2019 മുതൽ 06-09-2019 വരെ

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ. ദിനേശൻ എം | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ. എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ബിജേഷ് എ.എസ് | ഓഡിറ്റർ |
| ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ | ഓഡിറ്റർ |

**നിർവഹണാധികാരികൾ**

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീ. കെ. അഹമ്മദ് സഗീർ | 01.04.2018 മുതൽ 31.03.2019 വരെ |

## സെക്രട്ടറി

| | |
|---|---|
| ശ്രീ. പ്രദീപൻ പി.കെ | 01.04.2018 മുതൽ 13.03.2019 വരെ |
| ശ്രീ. മുഹമ്മദ് ഫൈസൽ, അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) | 14.03.2019 മുതൽ 31.03.2019 വരെ |

## നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. പ്രദീപൻ പി.കെ | 01.04.2018 മുതൽ 13.03.20 വരെ |
| | ശ്രീ. മുഹമ്മദ് ഫൈസൽ, അസി.സെക്രട്ടറി(ഇൻ ചാർജ്) | 14.03.2019 മുതൽ 31.03.20 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. മുഹമ്മദ് ഫൈസൽ, അസി.സെക്രട്ടറി | 01.04.2018മുതൽ 31.03.201 വരെ |
| അസി. എഞ്ചിനിയർ | ശ്രീമതി.അർച്ചന സി.ജെ | 01.04.2018 മുതൽ 31.03.20 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സുമേഷ് വളരാടൻ | 01.04.2018 മുതൽ 31.03.20 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. സൈഫുന്നീസ ടി.കെ | 01.04.2018 മുതൽ 31.03.20 വരെ |
| വെറ്ററിനറി സർജൻ | ഡോ.അനീജ് കെ | 01.04.2018 മുതൽ 31.03.20 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ബാസിമ. പി | 01.04.2018 മുതൽ 31.07.20 വരെ |
| | ശ്രീമതി. ഷാനി ജസ്റ്റി | 01.08.2018 മുതൽ 31.03.20 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. ഷൗക്കത്തലി | 01.04.2018 മുതൽ 31.03.20 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. സ്വാബിർ നാലകത്ത് | 01.04.2018 മുതൽ 31.03.20 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. അബ്ദുൽ റഫീഖ്. ഒ.പി | 01.04.2018 മുതൽ 31.03.20 വരെ |

## <u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1<br>ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെൻറ് പ്രകാരം) | 1-3 |
| | | |

| | | |
|---|---|---|
| 4 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല | 1-12 |
| 13 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ-നികുതി വരവിൽ നഷ്ടം സംഭവിക്കുന്നു | 1-13 |
| 14 | ഡി & ഒ/ഫാക്ടറിയോസ് ലൈസൻസ് പരിശോധന - അപാകതകൾ | 1-14 |
| 15 | ശമ്പള പരിഷ്കരണ കുടിശ്ശിക നൽകിയത് - കുടിശ്ശികക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചിട്ടില്ല. | 1-15 |
| 16 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. | 1-16 |
| 17 | ഇൻക്രിമെന്റ് കുടിശ്ശിക അനുവദിച്ചത് - അപാകത സംബന്ധിച്ച്. | 1-17 |
| 18 | പൊതു മരാമത്ത് പ്രവൃത്തികൾ- അവലോകനം | 1-18 |
| 19 | പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല. | 1-19 |
| 20 | അംഗൻവാടി -അടിസ്ഥാന സൗകര്യങ്ങൾ | 1-20 |
| 21 | ആശ്രയ പ്രൊജക്ട് - പണം ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-21 |
| 22 | നെൽവയൽ -തണ്ണീർ തട ഡാറ്റാ ബാങ്ക് തയ്യാറാക്കൽ- പ്രൊജക്ട് പൂർത്തീകരിച്ചില്ല | 1-22 |
| 23 | പ്രൊജക്ട് നിർവഹണത്തിലെ അപാകതകൾ | 1-23 |
| 24 | ലാപ്പ് ടോപ്പ് വാങ്ങിയത് - ജി.എസ്.ടി - ടി.ഡി.എസ് പിടിച്ചത് സംബന്ധിച്ച് | 1-24 |
| 25 | ബഡ്സ് സ്കൂളിലേക്ക് വാങ്ങിയ ഉപകരണങ്ങൾ/വസ്തുക്കൾ വാങ്ങിയത് അപാകതകൾ സംബന്ധിച്ച് | 1-25 |
| 26 | തുല്യത പഠനം-കൈപ്പറ്റ് ഹാജരാക്കിയില്ല | 1-26 |
| 27 | മരുന്നുകൾ ലഭ്യമാക്കിയില്ല | 1-27 |
| 28 | ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ പർച്ചേസ് നടത്തി | 1-28 |
| | **ഭാഗം 2**<br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 3**<br>**ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |

| | | |
|---|---|---|
| 30 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 31 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 32 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 33 | മൊബൈലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 34 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 36 | ഓഡിറ്റ് റിക്കവറി | 4-7 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 38 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 41 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |
| 42 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 2 |
| 43 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 3 |
| 44 | ബാലൻസ് ഷീറ്റ് | 4 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

| | |
|---|---|
| 2018-19 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | 01/1/26-03-2018 |
| പുതുക്കിയ ബജറ്റ് തീരുമാന നം./തിയ്യതി | 01/1/07-02-2019 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 15.05.2019 |

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെൻെറ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 3970466 |
| വരവ് | 62511033 |
| ആകെ | 66481499 |
| ചെലവ് | 58098654 |
| നീക്കിബാക്കി | 8382845 |

## 1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 13011000 | 13011000 | 11848518 | 11624 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 8162000 | 8162000 | 7773608 | 38839 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 155000 | 155000 | 0 | 15500 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 9666000 | 9666000 | 5518791 | 41472 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2780000 | 2780000 | 2061479 | 71852 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം) | 0 | 6038000 | 6038000 | 4509469 | 15285 |
| എസ്.ബി.ഐ ഇ-പേയ്മെന്റ് | 43865 | 68767 | 112632 | 0 | 11263 |
| KGB-ടി.എസ്.സി (ശുചിത്വ മിഷൻ) | 181679 | 3697 | 185376 | 100242 | 85134 |
| KGB-എസ്.എസ്.എ | 488518 | 19716 | 508234 | 0 | 50823 |
| ട്രഷറി ടി.എസ്.ബി. (ജനറൽ പർപ്പസ്) | (-)251912 | 13311424 | 13059512 | 7647308 | 54122 |
| KGB-എൻ.ആർ.ഇ.ജി.എസ് | 24398 | 676386 | 700784 | 694985 | 5799 |
| ബി ഫണ്ട് | 0 | 36488420 | 36488420 | 36488420 | 0 |
| STSB ജോയിന്റ് വെഞ്ചർ | 0 | 5290290 | 5290290 | 4134672 | 11556 |
| ICDS | 486094 | 1773977 | 2260071 | 1846954 | 413117 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 201 | 69102673 | 128 | 43726798 | 5 | 68 | 63.2 |

<u>പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ്ച്ചെലവായ പദ്ധതികൾ</u>

ഇല്ല

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 24398 | 510422+450 | 535270 | 529471 | 5799 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 20666970 | 20666970 | 20666970 | 0 |
| ആകെ | 24398 | 21177842 | 21202240 | 21196441 | 5799 |

# 1-7 ക്ഷേമ പദ്ധതികൾ

<u>തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ</u>

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 444720 | 236 |
| കർഷകതൊഴിലാളി പെൻഷൻ | 5067400 | 1262 |
| വിധവാ പെൻഷൻ | 11089200 | 2652 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 15408400 | 3692 |
| വികലാംഗ പെൻഷൻ | 4010700 | 908 |
| വിവാഹ ധനസഹായം | 210000 | 7 |
| 50 വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 258000 | 60 |

# 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.08 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി.പരിശോധനയിൽ 10961/- നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബഡ്സ് സ്കൂളിൽ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

2. മെഡിക്കൽ ഓഫീസറുടെ കാഷ് ബുക്കിൽ തനത് ഫണ്ടിൽ നിന്നുള്ള പദ്ധതികൾ പ്രകാരമുള്ള വരവ് ചെലവുകൾ ഉൾപ്പെടുത്തുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.06.2019 | 01.05.2019 മുതൽ 31.05.2019 വരെ | 20.06.2019 |
| എ.ജി ഓഡിറ്റ് | 29.12.2016 | 2011-12 മുതൽ 2015-16 വരെ | 27.02.2017 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

കെ.എസ്.എ.എം.പി.എം9/1179/2019/06.08.19 നമ്പർ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ പരാമർ
വാർഷികകണക്കുകളിലെ ചുവടെ ചേർത്ത അപാകതകൾ ഇനിയും പരിഹരിച്ചിട്ടില്ല.

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ വിവരം ബാലൻസ് ഷ
ഉൾപ്പെടുത്തിയിട്ടില്ല
2. ബാലൻസ് ഷീറ്റ് പ്രകാരം സ്ഥാപനത്തിന്റെ ആസ്തിയായി കാണിച്ച തുകകളുടെ കൃത്യത ആസ്തി രജിസ്റ്ററു
ഒത്തുനോക്കാൻ സാധിക്കുന്നില്ല.
3. സഞ്ചയയിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ മൂലം നികുതി മാറ്റം വന്ന കെട്ടിടങ്ങളുടെ വിവരം പ്രത്യേക
ലഭ്യമല്ലാത്തതിനാൽ ഇക്കാര്യം പരിശോധിക്കാനായിട്ടില്ല.
4. ഡെപ്പോസിറ്റ് ഇനത്തിൽ അടവാക്കിയതും മൂന്ന് വർഷത്തിലധികമായി തിരിച്ചു നൽകാത്തതുമായ ഡെപ്പോസി
പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

| ഇനം | തുക | ലഭിച്ച തിയ്യതി |
|---|---|---|
| Contractors EMD | 5300 | 14.12.2013 |
| Suppliers Security Deposit | 500 | 17.02.2014 |
| Contractors Retension | 2111 | 31.01.2013 |
| Auction Deposit | 500 | 04.03.2016 |
| | | |

| | | |
|---|---|---|
| Other Deposit | 6250 | 25.02.2015 |
| ,, | 6000 | തിയ്യതി ലഭ്യമല്ല |
| Deposit from others | 1000 | 26.12.2015 |

5. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല. വാർഷിക സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ഇതുകൂടാതെ 2018-19 വാർഷിക ഓഡിറ്റിൽ താഴെ പറയുന്ന അപാകത ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

6. നിക്ഷേപ പ്രവർത്തികൾക്കായി കേരള വാട്ടർ അതോറിറ്റിക്ക് ആകെ 17,80,000/- രൂപ നൽകിയിട്ടുണ്ടെങ്കിലും, റ & പെമന്റ് സ്റ്റേറ്റ്മെന്റിലെ Advance to KWA (RP-47) എന്ന ഹെഡിൽ 2,00,000/- രൂപ മാത്രം രേഖപ്പെടുത്തിയിരിക്കുന്നത്. ബാക്കിയുള്ള 15,80,000/- രൂപ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-11-ൽ ഒ ആയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതുകൂടാതെ ഭൂജല വകുപ്പിന് 1,00,000/- രൂപ അഡ്വാൻസ് നൽകിയിട്ടുണ്ടെങ്കിലും, ഈ വസ്തുത Advance to Implementing Agencies (RP-47) എന്ന ഷെഡ്യ ഉൾപ്പെടുത്തിയിട്ടില്ല.

7. തൻവർഷം നിക്ഷേപ പ്രവൃത്തികൾക്കായി ആകെ 2479625 രൂപ നൽകിയിട്ടുണ്ട്. മേൽ തുകയുടെ വിനി സാക്ഷ്യപത്രം ലഭ്യമായിട്ടുമില്ല, എന്നാൽ ബാലൻസ്ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം 2485058 രൂപയാണ് അഡ്വ നൽകിയതായി കാണുന്നത്. പൊരുത്തപ്പെടുന്നില്ല.

# 1-12 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല

2018-19 വർഷത്തിൽ പഞ്ചായത്തിൽ 44 പ്രൊജക്ടുകൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്തു കരാറുകാരെ പ്രവൃത്തി ഏൽ നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വിലയിനത്തിൽ കരാറുകാർ അടവാക്കിയ പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നിട്ടില്ല.

മേൽ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വിലയിനത്തിൽ കരാറുകാരിൽ നിന്ന് ഈടാക്കിയ തുക പഞ്ചായത്ത് ഫ അടവാക്കേണ്ടതാണ്.

# 1-13 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ-നികുതി വരവിൽ നഷ്ടം സംഭവിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, മുതുവല്ലൂർ പഞ്ചായത്തിന്റെ 19-12-2011 ലെ ഡി 4821/11 നമ്പർ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ വിജ്ഞാ എന്നിവ പ്രകാരം വസ്തു നികുതി നിശ്ചയിക്കുമ്പോൾ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി സൗക കെട്ടിടത്തിന് അടിസ്ഥാന വസ്തു നികുതിയുടെ 20% നികുതി വർധനയും ദ്വിതീയ മേഖലകളിലുൾപെട്ട കെട്ടിടങ്ങ അടിസ്ഥാന വസ്തു നികുതിയുടെ 10% നികുതി കുറവും ചെയ്യാവുന്നതാണ്, എന്നാൽ പ്രഥമ മേഖലകളിലുൾ കെട്ടിടങ്ങൾക്ക് നികുതി കുറവ് അനുവദിക്കാൻ പാടില്ല. വാണിജ്യാവശ്യ കെട്ടിടങ്ങളുടെ ഒന്നാം നില മുതൽ ര നിലകൾക്കും 5% മുതൽ നികുതിയിളവ് അനുവദിക്കാവിന്നതുമാണ്

വിജ്ഞാപന പ്രകാരമുള്ള നികുതി നിരക്കുകൾ ചുവടെ ചേർക്കുന്നു.

പാർപ്പിടം–3/-രൂപ/ച.മീ.

ലോഡ്ജ്–20/-രൂപ/ച.മീ.

വാണിജ്യം–100 $m^2$ വരെ 30/- രൂപ/ച.മീ., 100 $m^2$ ന മുകളിൽ 50/- രൂപ/ച.മീ.

<u>1) സഞ്ചയയിൽ മേഖല തെറ്റായി രേഖപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചു, 3619 രൂപ നഷ്ടം.</u>

വിജ്ഞാപന പ്രകാരമുള്ള പ്രഥമ മേഖലകളിലുൾപെട്ട ചുവടെ ചേർത്ത കെട്ടിടങ്ങളെ ദ്വിതീയ മേഖലകളിലുൾപെ 10% നികുതി കുറവ് നൽകി വസ്തു നികുതി നിശ്ചയിച്ച് ഈടാക്കിയതിനാൽ വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന് ( സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | കെട്ടിട ഉടമയുടെ പേര്/ കെട്ടിടത്തിന്റെ തരം | കെട്ടിട നമ്പർ/ പ്ലിന്ത് ഏരിയ | നിർണ്ണയിച്ച നികുതി/ തിയ്യതി | | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി | | കുറവ് വന്ന നികുതി | | കുറിപ്പ് |
|---|---|---|---|---|---|---|---|---|---|
| | | | നികുതി | LC | നികുതി | LC | നികുതി | LC | |
| 1 | ശ്രീ.ശിവദാസൻ എ.എം, ശ്രീമതി. രജനി എ,<br>വാണിജ്യം(100 ച.മീ മുകളിൽ).<br>നികുതി നിർണ്ണയിച്ച തിയതി: 17-08-18 | 7/281 A, 23 $m^2$ | 1265 | 64 | 1380/- (23x50 =1150+20%=1380) | 69 | 115 | 5 | ഇളവ്:ഇല്ല<br>വർദ്ധനം:20%(വഴി)<br>പ്രഥമ മേഖല:(ഹാജിയാർപ്പടി-വിളയി ചാലിയപ്പുറം റോഡിന്റെ 100 മീറ്റർ പരിധിയിൽ), ദ്വിതീയ മേഖലയിലുൾപ്പെടുത്തി 10% നികുതി കു നൽകി. |
| | | 7/281 B, 23 $m^2$ | 1265 | 64 | 1380/- (23x50 =1150+20%=1380) | 69 | 115 | 5 | |
| | | 7/281 C, 23 $m^2$ | 1265 | 64 | 1380/- (23x50 =1150+20%=1380) | 69 | 115 | 5 | |
| | | 7/281 D, 23 $m^2$ | 1265 | 64 | 1380/- (23x50 =1150+20%=1380) | 69 | 115 | 5 | |
| | | 7/281 E, 23 $m^2$ | 1265 | 64 | 1380/- (23x50 =1150+20%=1380) | 69 | 115 | 5 | |
| | | 7/281 F, 33 $m^2$ | 1815 | 91 | 1980/- (33x50 =1650+20%=1980) | 99 | 165 | 8 | |
| | | 7/281 G, 33 $m^2$ I-Floor | 1725 | 87 | 1881/- ((33x50 =1650+20%)-5%=1881) | 94 | 156 | 7 | |
| | | 7/281 H, 33 $m^2$ I-Floor | 1725 | 87 | 1881/- ((33x50 =1650+20%)-5%=1881) | 94 | 156 | 7 | |
| | | 7/281 I, 33 $m^2$ I-Floor | 1725 | 87 | 1881/- ((33x50 =1650+20%)-5%=1881) | 94 | 156 | 7 | |
| | | 7/281 J, 33 $m^2$ I-Floor | 1725 | 87 | 1881/- ((33x50 =1650+20%)-5%=1881) | 94 | 156 | 7 | |
| | | 7/281 K, 33 $m^2$ I-Floor | 1725 | 87 | 1881/- ((33x50 =1650+20%)-5%=1881) | 94 | 156 | 7 | |
| | | 7/281 L, 33 $m^2$ I-Floor | 1725 | 87 | 1881/- ((33x50 =1650+20%)-5%=1881) | 94 | 156 | 7 | |
| | | 7/281 M, 35 $m^2$ I-Floor | 1829 | 92 | 1995/- ((35x50 =1750+20%)-5%=1995) | 100 | 166 | 8 | |
| 2 | ശ്രീ. ഇല്ലിയൻ അഹമ്മദ്<br>വാണിജ്യം(100 ച.മീ താഴെ).<br>നികുതി നിർണ്ണയിച്ച തിയതി: 29-06-18 | 7/270 A, 19.93 $m^2$ | 658 | 33 | 718/- (19.93x30=598+20%=718) | 36 | 60 | 3 | ഇളവ്:ഇല്ല<br>വർദ്ധനം:20%(വഴി)<br>പ്രഥമ മേഖല:(ഹാജിയാർപ്പടി-വിളയി ചാലിയപ്പുറം റോഡിന്റെ 100 മീറ്റർ പരിധിയിൽ), ദ്വിതീയ മേഖലയിലുൾപ്പെടുത്തി 10% നികുതി കു നൽകി. |
| | | 7/270 B, 19.93 $m^2$ | 658 | 33 | 718/- (19.93x30=598+20%=718) | 36 | 60 | 3 | |
| | | 7/270 C, 19.93 $m^2$ | 658 | 33 | 718/- (19.93x30=598+20%=718) | 36 | 60 | 3 | |
| | | 7/270 D, 19.93 $m^2$ | 658 | 33 | 718/- (19.93x30=598+20%=718) | 36 | 60 | 3 | |
| 3 | ശ്രീ. ജാഫർ | 7/510 C, | 680/- | 34 | 741/- (205.77 x3 =617.31 | 37 | 61 | 3 | ഇളവ്:ഇല്ല |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | വട്ടോളി,<br>പാർപ്പിടം,<br>നികുതി നിർണ്ണയിച്ച തിയതി: 03-10-18 | 205.77 $m^2$ | | | +20%=741) | | | | വർദ്ധന:20%(വഴി)<br>പ്രഥമ മേഖല:(ഹാജിയാർപ്പടി-വിളയിത ചാലിയപ്പുറം റോഡിന്റെ 100 മീറ്റർ പരിധിയിൽ), ദ്വിതീയ മേഖലയിലുൾപെടുത്തി 10% നികുതി കുറ നൽകി. |
| 4 | ശ്രീ. പുളിക്കൽ ഉമ്മർ<br>ലോഡ്ജ്<br>നികുതി നിർണ്ണയിച്ച തിയതി: 19-06-18 | 9/113 A, 85.21 $m^2$ | 1534 | 77 | 1705/-(85.21x20=1705) | 85 | 171 | 8 | ഇളവ്:ഇല്ല<br>വർദ്ധന:ഇല്ല<br>പ്രഥമ മേഖല:(കിഴിശ്ശേരി-പോത്തുവെട്ടിപ്പാറ-ഓമാനൂർ റോഡിന്റെ മീറ്റർ പരിധിയിൽ), ദ്വിതീയ മേഖലയിലുൾപെടുത്തി 10% നികുതി കുറ നൽകി. |
| | | 9/113 B, 85.21 $m^2$ | 1534 | 77 | 1705/-(85.21x20=1705) | 85 | 171 | 8 | |
| | | 9/113 C, 85.21 $m^2$ | 1534 | 77 | 1705/-(85.21x20=1705) | 85 | 171 | 8 | |
| | | 9/113 D, 85.21 $m^2$ | 1534 | 77 | 1705/-(85.21x20=1705) | 85 | 171 | 8 | |
| | | 9/113 E, 85.21 $m^2$ | 1534 | 77 | 1705/-(85.21x20=1705) | 85 | 171 | 8 | |
| | | 9/113 F, 76.96 $m^2$ | 1386 | 70 | 1540/-(76.96x20=1540) | 77 | 154 | 7 | |
| | | 9/113 G, 76.96 $m^2$ | 1386 | 70 | 1540/-(76.96x20=1540) | 77 | 154 | 7 | |
| | | 9/113 H, 76.96 $m^2$ | 1386 | 70 | 1540/-(76.96x20=1540) | 77 | 154 | 7 | |
| ആകെ കുറവ് | | | | | | | 3460 | 159 | |

ആകെ 3619/- രൂപയുടെ(3460+159) നഷ്ടം സംഭവിച്ചിട്ടുണ്ട്.

**2) നിർമ്മാണം പൂർത്തിയായതു മുതലുള്ള നികുതി ഈടാക്കിയില്ല, മേഖല തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു.**

| കെട്ടിട ഉടമയുടെ പേര്/ കെട്ടിടത്തിന്റെ തരം | കെട്ടിട നമ്പർ/ പ്ലിന്ത് ഏരിയ | നിർണ്ണയിച്ച നികുതി/ തിയ്യതി | | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി | | കുറവ് വന്ന നികുതി | | കുറിപ്പ് |
|---|---|---|---|---|---|---|---|---|
| | | നികുതി | LC | നികുതി | LC | നികുതി | LC | |
| ശ്രീ. അലവിക്കുട്ടി സി.എ<br>വാണിജ്യം(100 ച.മീ താഴെ).<br>നികുതി നിർണ്ണയിച്ച തിയതി: 27-04-18 | 15/401 A, 50.56 $m^2$ | 1669 | 84 | 1821/- (50.56x30 =1516.8+20%=1821) | 91 | 152 | 7 | ഇളവ്:ഇല്ല<br>വർദ്ധന:20%(വഴി)<br>പ്രഥമ മേഖല:(മുണ്ടക്കുള മുതുപറമ്പ്-പീടികക്കണ്ടി റോഡിന്റെ 100 മീറ്റർ പരിധിയിൽ), ദ്വിതീയ മേഖലയിലുൾപെടുത്തി നികുതി കുറവ് നൽകി. |
| | കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം 10-01-2018നാണ് നിർമ്മാണം പൂർത്തിയായത്. അതായത് 2017-18 രണ്ടാം അർദ്ധ വർഷം മുതലുള്ള നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2018-19 ഒന്നാം അർദ്ധ വർഷം മുതലുള്ള നികുതി മാത്രമാണ് ഈടാക്കിയത്. ആകെ ഈടാക്കിയത് 1753/- രൂപയാണ്(1669Tax+84LC). രസീത് നം.118020100710/24-05-18. | | | | | | | |

2017-18 രണ്ടാം അർദ്ധ വർഷത്തെ നികുതി1821/2=911 രൂപയും ഗ്രന്ഥശാലവരി 91/2=46 രൂപയും 2018-19 ല്  തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ ആകെ കുറവ് വന്ന 159/- (152+7) രൂപയും ഉൾപ്പടെ 1116/- നഷ്ടം സംഭവിച്ചിട്ടുണ്ട്.

**3) 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 30 രൂപ നിരക്കിലും മേഖല തെറ്റായി കണക്കിലെടുത്ത് നികുതി നിർണ്ണയിച്ചു, 3687/- രൂപ നഷ്ടം.**

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്ക്കരണം സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം 100 ച.മീറ്ററിന് മുക വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 50 രൂപയും 100 ച.മീറ്ററിന് താഴെ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 30 രൂപയുമാണ് നി നിരക്ക്. 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 100 ച.മീറ്ററിന് താഴെ വിസ്തീർണ്ണമുള്ള വ്യ മുറികളാക്കി വ്യത്യസ്ത നമ്പറുകൾ നൽകുമ്പോഴും കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം കണക്കിലെടുത്ത് 50 രൂപ നിര തന്നെയാണ് ഗ്രാമപഞ്ചായത്ത് നികുതികൾ നിർണ്ണയിച്ച് ഈടാക്കുന്നതും.

എന്നാൽ ആകെ 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ളതും പ്രഥമ മേഖലയിൽ ഉൾപെട്ടതുമായ ചുവടെ ചേ കെട്ടിടത്തെ സഞ്ചയയിൽ 100 ച.മീറ്ററിന് താഴെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യ കെട്ടിടമെന്നും ദ്വിതീയ മേഖല ഉൾപ്പെട്ട കെട്ടിടം എന്നും തെറ്റായി വിവരം രേഖപ്പെടുത്തിയതിനാൽ വസ്തു നികുതിയിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്

| കെട്ടിട ഉടമയുടെ പേര്/ കെട്ടിടത്തിന്റെ തരം | കെട്ടിട നമ്പർ/ പ്ലിന്ത് ഏരിയ | നിർണ്ണയിച്ച നികുതി/ തിയ്യതി | | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി | | കുറവ് വന്ന നികുതി | | കുറിപ്പ് |
|---|---|---|---|---|---|---|---|---|
| | | നികുതി | LC | നികുതി | LC | നികുതി | LC | |
| ശ്രീ.പള്ളിക്കുന്നത്ത് ഗോപാലൻ, വാണിജ്യം(100 ച.മീ മുകളിൽ). നികുതി നിർണ്ണയിച്ച / ഈടാക്കിയ തിയതി:31-05-18 | 9/132 A, 22.25 $m^2$ | 735 | 37 | 1335/- (22.25x50 =1112.5+20%=1335) | 67 | 600 | 30 | ഇളവ്:ഇല്ല<br>വർദ്ധന:20%(വഴി)<br>പ്രഥമ മേഖല:(കിഴിശ്ശേരി-പോത്തുവെട്ടിപ്പാറ-ഓമാനൂർ റോഡിന്റെ 100 മീറ്റർ പരിധിയി ദ്വിതീയ മേഖലയിലുൾപെടുത്തി നികുതി കുറവ് നൽകി. |
| | 9/132 B, 22.25 $m^2$ | 735 | 37 | 1335/- (22.25x50 =1112.5+20%=1335) | 67 | 600 | 30 | |
| | 9/132 C, 22.25 $m^2$ | 735 | 37 | 1335/- (22.25x50 =1112.5+20%=1335) | 67 | 600 | 30 | |
| | 9/132 D, 22.25 $m^2$, I Floor | 699 | 35 | 1269/- ((22.25x50 =1112.5+20%)-5%=1269) | 64 | 570 | 29 | |
| | 9/132 E, 22.25 $m^2$, I Floor | 699 | 35 | 1269/- ((22.25x50 =1112.5+20%)-5%=1269) | 64 | 570 | 29 | |
| | 9/132 F, 22.25 $m^2$, I Floor | 699 | 35 | 1269/- ((22.25x50 =1112.5+20%)-5%=1269) | 64 | 570 | 29 | |
| ആകെ കുറവ് | | | | | | 3510 | 177 | |

ആകെ 3687/- രൂപ (3510+177) നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ കെട്ടിടം, പെർമിറ്റിലും സഞ്ചയയിലും വാണിജ്യ കെ എന്നാണ് രേഖപ്പെടുത്തിയത് എങ്കിലും കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ കൊമേഴ്സ്യൽ ഷോപ്പ്&റസിഡ റൂം എന്നമാണ് രേഖപ്പെടുത്തിയത്.

മേൽ മൂന്ന് അപാകതകളും കൂടി ആകെ **8422/- (3619+1116+3687)** രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകതക വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് ‍ 03/31.08.19ന് ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന വസ്തു നികുതി സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വ

കുടിശ്ശിക സഹിതം ഈടാക്കുന്നതാണെന്ന് അറിയിച്ചു. നഷ്ട തുകകൾ ഈടാക്കി സഞ്ചയയിൽ ആവശ്യമായ മാറ്റ വരുത്തി നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-14 ഡി & ഒ/ഫാക്ടിയോസ് ലൈസൻസ് പരിശോധന - അപാകതകൾ

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് ഡി & ഒലൈസൻസ്/ഫാക്ടിയോസ് ലൈസൻസ് നൽകിയതുമായി ബന്ധ കാര്യങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു,

<u>1. ഡി & ഒ/ഫാക്ടിയോസ് ലൈസൻസുകൾ പുതുക്കുന്നതിന് കാലതാമസം നേരിടുന്നു</u>

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള സ്ഥാപന ഡി & ഒ/ ഫാക്ടിയോസ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്ന മുപ്പത് ദിസവത്തിനുള്ളിൽ സമർപ്പിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാമ്പത്തിക വർഷം ആരംഭിക്കുന്ന മുമ്പ് ലൈസൻസ് പുതുക്കി നൽകേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ ഒ നൽകിയിരുന്ന 122 ലൈസൻസുകളിൽ 82 % സ്ഥാപനങ്ങളുടെയും ലൈസൻസ് ഈ സമയക്രമം പാലിച്ചല്ല 2018- പുതുക്കിയിട്ടുള്ളത്. വിശദാംശങ്ങൾ പട്ടികയിൽ കൊടുക്കുന്നു.

| | |
|---|---|
| 2017-18 വർഷത്തിൽ ആകെ നൽകിയ ലൈസൻസുകൾ | 122 |
| 01.04.2018 മുമ്പ് പുതുക്കി നൽകിയത് | 22.18% |
| 2018-19 വർഷത്തിൽ ആകെ നൽകിയ ലൈസൻസുകൾ | 139 (ഇതിൽ 22 സ്ഥാപനങ്ങൾ പുതിയതാണ്) |

<u>2. ഉറവിടമാലിന്യ സംസ്കരണം സംബന്ധിച്ച സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ല</u>

ഉറവിട മാലിന്യസംസ്കരണം സംബന്ധിച്ച 22.07.17-ലെ സ.ഉ (സാധാ) നം. 2511/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ( ഒ ലൈസൻസ് നൽകുമ്പോൾ/പുതുക്കുമ്പോൾ സ്ഥാപനത്തിൽ മാലിന്യ സംസ്കരണ സംവിധാനം ഉണ്ടെന്നും മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നില്ല എന്നും ഹെൽത്ത് ഇൻസ്പെക്ടർ ( പരിശോധന നടത്തി സാക്ഷ്യപത്രം നൽകേണ്ടതാണ്. ഇങ്ങനെ നൽകുന്ന സർട്ടിഫിക്കറ്റ് എല്ലാ വർഷ പുതുക്കേണ്ടതുമാണ്. ഇതു കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, പച്ചക്കറി, വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ തുടങ്ങിയവയുടെ വാർഡ് തിരിച്ചുള്ള ( തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതും കൃത്യമായ പരിശോധന നടത്തേണ്ടതുമാണ്. എന്ന മേൽപറഞ്ഞ നടപടിക്രമങ്ങൾ ഗ്രാമ പഞ്ചായത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

<u>3. ലൈസൻസിന് പഴയ മാതൃക പിന്തുടരുന്നു</u>

31.10.17-ലെ സ.ഉ (സാധാ) നം. 80/2017/ത.സ്വ.ഭ.വ പ്രകാരം ഡി & ഒ ലൈസൻസ് എന്നത് ഫാക്ടിയോസ് ലൈസ എന്ന് പുനർനാമകരണം ചെയ്യപ്പെട്ടതിന് 31.10.17 മുതൽ പ്രാബല്യമുണ്ട്. മേൽ പറഞ്ഞ ഭേദഗതി അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട ലൈസൻസ് തുക, ലൈസൻസിന്റെ മാതൃക എ പുതുക്കേണ്ടതാണ്. എന്നാൽ 03.09.18-നാണ് ഭരണസമിതി ഇതുസംബന്ധിച്ച തീരുമാനം കൈക്കൊള്ളു (തീരുമാനം നം. 4). 01/19 മുതൽ വളരെ കുറച്ച് അനുമതികളാണ് പുതിയ മാതൃകയിൽ നൽകിയിട്ടുള്ളത്. ഉത്തരവ് നടപ്പിലാക്കാനുണ്ടായ കാലതാമസം ഉണ്ടായിട്ടുണ്ട് എന്ന് കാണുന്നു.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 01/27.08.19-നുള്ള മറുപടിയിൽ ക്രമ നം. 1, 3 -ലുള്ള അപാകതക ഈ വർഷം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, ക്രമ നം. 2 അപാകത പരിഹരിക്കാനുള്ള നടപട സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-15 ശമ്പള പരിഷ്ക്കരണ കുടിശ്ശിക നൽകിയത് - കുടിശ്ശികക്ക്

# ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചിട്ടില്ല.

ജി.ഒ (പി)നം.72/2016/ഫിൻ തീയ്യതി.20.1.2016 നമ്പർ ഉത്തരവ് പ്രകാരം l.7.2014 പ്രാബല്യത്തിൽ ശ പരിഷ്കരിച്ചതിനെ തുടർന്ന് ജീവനക്കാർക്ക് അർഹമായ l.7.2014 മുതൽ 1.1.2016 വരെയുള്ള ശമ്പള കുടിശ്ശികയുടെ 01.04 , 01.10.2018 തീയ്യതികളിൽ നൽകേണ്ട മൂന്നം നാലും ഗഡുക്കൾ , ഗ്രാമ പഞ്ചായത്തിലെ അർഹരായ ജീവനക്കാർക്ക് ( പറയുന്ന വൗച്ചറുകൾ പ്രകാരം നൽകിയിട്ടുണ്ട്.

മൂന്നാം ഗഡു

വൗച്ചർ നമ്പർ.21800120/05.6.2018 145623.00 രൂപ

നാലാം ഗഡു

വൗച്ചർ നമ്പർ.21800380/04.10.2018 140482.00 രൂപ

എന്നാൽ വർദ്ധിപ്പിച്ച ശമ്പളത്തിന് ആനപാതികമായ നിരക്കിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയ് ആയത് അടവാക്കി വിവരം അറിയിക്കേണ്ടതാണ്

# 1-16 യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

സെക്രട്ടറി നിർവ്വഹിച്ച താഴെ പറയുന്ന പ്രൊജക്റ്റുകൾ പ്രകാരം വിവധ പ്രവൃത്തികൾക്കായി താഴെ പ ഏജൻസികളിൽ തുകകൾ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾവിനിയോഗിച്ചതിന്റെ വിവരം പരിശോധ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്റ്റിന്റെ വിവരം | ചെലവഴിച്ച തുക (രൂപ) | നിർവ്വഹിക്കേണ്ട പ്രവൃത്തിയുടെ വിശദാംശങ്ങൾ | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | നം.68/19<br>P.H.C ക്ക് വയറിംഗ് 600000/- തനത് ഫണ്ട് | 599625/- വൗച്ചർ നം. 21800393/ 04.10.18 | എക്സിക്യൂട്ടീവ് എഞ്ചിനീയർ PWD ഇലക്ട്രിക്കൽ ഡിവിഷൻ, കോഴിക്കോടിന്റെ EL.2-300/2018 തീയ്യതി.10.07.18 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഫീസറുടെ അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്തത്. | 1. തുക കൈപ്പറ്റിയതിന്റെ രസീത്.<br>2. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം |
| 2 | നം.79/19<br>കുഴൽ കിണർ റിപ്പെയർ<br>അടങ്കൽ. 100000/- MG(NR) | ബിൽനം. 15/27.11.18<br>100000/- | വിവിധ വാർഡുകളിലെ കുഴൽ കിണറുകൾ റിപ്പയർ ചെയ്യുന്നതിന് എസ്റ്റിമേറ്റ് നമ്പർ ജി.എം.2214/18 തീയ്യതി.3.11.18 ന്റെ അടിസ്ഥാനത്തിൽ ഭൂഗർഭ ജലവകുപ്പ് മലപ്പുറം ജില്ലാ ഓഫീസറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു. | 1. തുക കൈപ്പറ്റിയതിന്റെ രസീത്.<br>2. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം |
| 3 | നം.157/19<br>പോത്തുവെട്ടിപ്പാറ – തളിയിൽ പടി റോഡ് ഭാഗത്തേക്കുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ<br>അടങ്കൽ .600000/- (400000/- (CFC)+200000/- തനത്)<br>കരാർ:5/19 | ബിൽനം. 11/29.11.18<br>400000/-,<br>200000/-തനത്, ചെക്ക് നമ്പർ 7499046/26.10.18 | വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ മലപ്പുറത്തിന്റെ അക്കൗണ്ടിൽ (നം-67000676537) നിക്ഷേപിച്ചു. | 1. തുക കൈപ്പറ്റിയതിന്റെ രസീത്.<br>2. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം |

| | | | | |
|---|---|---|---|---|
| 4 | നം.159/19<br><br>പള്ളിക്കുന്നത്ത് കൊഞ്ഞലപ്പടി പൈപ്പ് ലൈൻ നീട്ടൽ<br><br>അടങ്കൽ .297000/- CFC<br><br>കരാർ:12/19 | 297000/-<br><br>ബിൽനം. 16/24.11.18 | വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ മലപ്പുറത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചു. | 1. തുക കൈപ്പറ്റിയതിന്റെ രസീത്.<br><br>2. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം |
| 5 | നം.160/19<br><br>അക്കരക്കുന്നത്ത് തുള്ളിശ്ശേരി എസ്.സി.കോളനി ഹൗസ് കണക്ഷൻ<br><br>അടങ്കൽ: 213000/- പ്ലാൻ(SCP)<br><br>കരാർ:12/19 | 213000/-<br><br>ബിൽനം. 17/24.11.18 | വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ മലപ്പുറത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചു. | 1. തുക കൈപ്പറ്റിയതിന്റെ രസീത്.<br><br>2. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം |
| 6 | നം.161/19<br><br>ജി.എം.എൽ.പി സ്കൂളിലേക്ക് പൈപ്പ് ലൈൻ<br><br>അടങ്കൽ: 270000/- (70000/- പ്ലാൻ(CFC)+200000/- തനത്)<br><br>കരാർ:15/19 | 70000/-<br><br>ബിൽനം. 24/12.3.19, 200000/- തനത്, ചെക്ക് നമ്പർ 1905780/7.3.19 | വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ മലപ്പുറത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചു. | 1. തുക കൈപ്പറ്റിയതിന്റെ രസീത്.<br><br>2. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം |
| 7 | നം.234/19<br><br>മുതുപ്പറമ്പ് തോട്ടാശ്ശേരി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br><br>അടങ്കൽ .400000/- പ്ലാൻ(CFC)<br><br>കരാർ:14/19 | 400000/-<br><br>ബിൽനം. 18/13.12.18 | വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ മലപ്പുറത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചു. | 1. തുക കൈപ്പറ്റിയതിന്റെ രസീത്.<br><br>2. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം |
| | ആകെ | 2479625/- | | |

രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 2479625/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

# 1-17 ഇൻക്രിമെന്റ് കുടിശ്ശിക അനുവദിച്ചത് - അപാകത സംബന്ധിച്ച്.

ഗ്രാമ പഞ്ചായത്തിലെ ജൂനിയർ ക്ലർക്ക് ശ്രീ.സുനിൽ കുമാർ.കെ യുടെ പ്രൊബേഷൻ 04.05.2017 പ്രാബല്യര പൂർത്തീകരിച്ചതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ D.35062/18/KDS തീയ്യതി.02.06.18 നമ്പർ ഉത്തരവ് പ്ര ഉത്തരവായതിനെ തുടർന്ന് അദ്ദേഹത്തിന് 5/17 മുതൽ 4/18 വരെ അർഹമായ ഇൻക്രിമെന്റ് അരിയർ 6840/- വൗച്ചർ നമ്പർ 21800193/03.07.18 പ്രകാരം അനുവദിച്ചിട്ടുണ്ട്. 04.05.2015 ന് ജോലിയിൽ പ്രവേ ശ്രീ.സുനിൽകുമാർ.കെ 03.05.2017 ന് പ്രൊബേഷൻ പൂർത്തിയാക്കുന്നതിനാവശ്യമായ രണ്ട് വർഷ സേവനം പൂർത്തിയാക്കിയതായും, എന്നാൽ ടെസ്റ്റ് ക്വാളിഫൈ (MOP) ചെയ്തത് 7/2017 ന് ആണെന്നും ഡി.ഡി.പി യുടെ

ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. MOP പരീക്ഷയുടെ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ സർട്ടിഫിക്കറ്റ് നമ്പർ 113158 ആണെന്ന് കണ്ടു. ശ്രീ.സുനിൽകുമാർ MOP പാസായത് 7/2017 ൽ ആണെങ്കിൽ 04.05.2017 പ്രാബല്യത അദ്ദേഹത്തിന്റെ പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഇൻക്രിമെന്റ് അരിയർ അനുവദിച്ചത് ക്രമപ്രകാ ഡി.ഡി.പി ഓഫീസുമായി ബന്ധപ്പെട്ട് മേൽ ഉത്തരവിലെ അപാകത പരിഹരിക്കേണ്ടതും, അധികം നൽകിയ ( കുടിശ്ശിക ക്രമീകരിക്കേണ്ടതുമാണ്. അപാകതയുടെ വെളിച്ചത്തിൽ മേൽ വൗച്ചർ പ്രകാരം ചെലവ് ചെയ്ത 6840/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

# 1-18 പൊതു മരാമത്ത് പ്രവൃത്തികൾ- അവലോകനം

**I)പദ്ധതി രൂപീകരണം നടപടികൾ പാലിച്ചിട്ടില്ല.**

2018-19 വർഷത്തെ പദ്ധതി ആസൂത്രണ നടപടികൾ 2/2018, 3/2018 മാസങ്ങളിലായാണ് പഞ്ചായത പൂർത്തീകരിച്ചത്. 05.02.2018, 08.03.2018 തിയ്യതികളിലായി വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് കരട് പ രേഖ തയ്യാറാക്കുകയും 14.03.2018 ലെ വികസന സെമിനാറിൽ പദ്ധതി രേഖ അംഗീകരിക്കുകയും ചെയ്തതാ കാണുന്നത്.

തൻ വർഷം നടപ്പാക്കേണ്ട പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് പഠനം നടത്തി ശുപാർശ ചെയ്യുകയും പ നിർദേശങ്ങൾ ക്രോഡീകരിക്കുകയും ചെയ്യേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ഇത്തരത്തിൽ യാതൊരു നടപ സ്വീകരിച്ചിട്ടില്ല എന്നാണ് മിനട്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമായത്. എന്നാൽ 15.03.2018 ലെ വിക സെമിനാറിലും, 16.03.2018 ൽ കൂടിയ വികസന സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലും തൻവർഷം നടപ്പാക്കേണ്ട മരാ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പങ്കാളിത്തമില്ലാതെ പ്രൊജക്ടുകൾ തയ്യാറാക്കിയത് എങ്ങനെയെന്ന പ്രൊജക്ടുകൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്ത് എന്നും ഓഡിറ്റിന് വ്യക്തമല്ല.

II) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 57 പ്രൊജക്ടുകളിലായി ആകെ 11879417രൂപ മാത്ര ചെലവഴിക്കാനായത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 110 | ആകെ അടങ്കൽ | 2717549 |
| നടപ്പിലാക്കിയത്(ക്യൂ ബിൽ ഉൾപ്പെടെ) | 78 | ചെലവ് (ക്യൂ ബിൽ ഉൾപ്പെടെ) | 1785005 |
| ശതമാനം | 70.90 | ചെലവ് ശതമാനം | 65.68 |

ഗ്രാമ പഞ്ചായത്തിൽ 1അസിസ്റ്റന്റ് എഞ്ചിനീയറും 2ഓവർസിയറും അടക്കം ആകെ 3ജീവനക്കാർ മാത്രമാണ് ഓ വ്വർഷത്തിൽ ഉണ്ടായിരുന്നത്. ജീവനക്കാർ പരിമിതമായതും പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി നടപ്പിലാക്ക വൈകുന്നതിനും, മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതിരുന്നതിനും കാരണമായി. മാത്രമല്ല ഇത് പ്രവൃത്തിക ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും തടസ്സമാകുമെന്ന് കാണുന്നു.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപ പങ്ക് വഹിക്കേണ്ടതാണ്.

III.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണ പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ഇത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്ത നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി ചെയ്തത് എന്ന് ഉറപ്പുവരുത്തുന്നതി രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ/ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം ) പ്രൊജ സൂക്ഷിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത ശ്രദ്ധിക്കേണ്ടതുമാണ്.

IV)ചെയിനേജ് രേഖപ്പെടുത്താതെ റോഡ് പ്രവൃത്തികൾ നടത്തുന്നു.

2017-18 വർഷത്തിൽ പഞ്ചായത്തിൽ വളരെയധികം റോഡ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ഭൂരിപ പ്രവൃത്തിയിലും പ്രവൃത്തിനടത്തുന്ന റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

V)ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

തൻവർഷം നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ വിവരം ചെലവ് , റോഡ് പ്രവൃത്തികളുടെ ചെയിനേജ് വ വിവരങ്ങൾ സഹിതം ആസ്തി രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തുന്നില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ വ പൂർണ്ണമായി ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-19 പി.ഡബ്ല്യു.ഡി മാനവൽ നിർദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ് (െ മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ വ്യക്ത പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെ മറ്റ സംഗതികളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവ നടപടിക്രമം പാലിക്കേണ്ടതാണ് എന്ന് ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്.

പൊതു മരമത്ത് വകുപ്പിൽ നിലവിൽ 2012 ലെ പൊതു മരാമത്ത് മാന്വൽ അടിസ്ഥാനമാക്കിയാണ് ഇത്തരം കാര്യങ്ങ തീരുമാനം എടുക്കുന്നത്. എന്നാൽ കരാർ ചമക്കൽ , പ്രവൃത്തി പൂർത്തീകരണ കാലാവധി, നിശ്ചിത സമയത്തി പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തൽ എന്നിവയിൽ പൊതുമരാമത്ത് മാന്വലിലെ നിർദേശ പഞ്ചായത്തിൽ പാലിക്കുന്നില്ല എന്ന് കാണുന്നു.

<u>കരാർ ചമക്കൽ</u>

പൊതു മരാമത്ത് മാന്വൽ പ്രകാരം ടെണ്ടർ അംഗീരിക്കപ്പെട്ട വിവരം അറിയിച്ച് സെലക്ഷൻ നോട്ടീസ് കൈപ്പ കരാറുകാരൻ നോട്ടീസ് കൈപറ്റിയ തീയ്യതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിയാണ് കരാർ ചമക്കേണ്ടത്. (മിനിമം1000 പരമാവധി 25 14 ദിവസവും പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കണം, EMD കണ്ട് ( ടെണ്ടർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളും സ്വീകരിക്കണം.( PWD manual. ഖ.2009-6).

എന്നാൽ നിശ്ചിത കാലാവധിക്കം കരാർ ചമക്കാത്ത കരാറുകാർക്കെതിരെ PWD മാന്വൽ നിർദേശിക്കുന്ന നടപടികൾ സ്വീകരിക്കുന്നതായി കാണുന്നില്ല.

<u>പ്രവൃത്തി പൂർത്തീകരണ കാലയളവ്</u>

പൊതുമരാമത്ത് മാന്വൽ പ്രകാരം മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോ ശരിയായി വിശകലനം ചെയ്ത് Tender Schedule ൽ വ്യക്തമാക്കണം. കാലാവസ്ഥാ വ്യതിയാനം, പ്രവൃത്തിയുടെ പ്ര നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം ,വിവിധ ഇനങ്ങൾക്ക് ആവശ്യമായ സമയ ക്രമം (Curing മറ്റെല്ലാ ഘടകങ്ങളും സമയ പരിധി നിശ്ചയിക്കുന്നതിന് പരിഗണിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി സൈ കൈമാറുന്ന തിയതി മുതൽക്കാണ് കണക്കാക്കുന്നത് (കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2005)

എന്നാൽ പല പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് നിശ്ചയിക്കുന്നതിൽ മേൽ നിർദേശ പാലിക്കുന്നതായി കാണുന്നില്ല.

<u>V.iv.കാലാവധി ദീർഘീകരണം (Extension of Time) & പിഴ</u>

പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റെതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തി പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസി എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്ത ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ്സ് പീരീഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരൻെറ പിഴവ് മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ പൂർത്തീക കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീക കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണൊ കുറവ് അത്) ഒറ്റത്ത ദീർഘിപ്പിച്ചുനൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്ന പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല ഈ കാലാവ

ശേഷവും പൂർത്തീകരിക്കാത്ത പ്രവർത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേ കരാറുകാരന് തുക നൽകാവൂ. (പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 (ജി.ഒ. (പി) 13/2012/PWD/01.02.2012), സെ 2112 പ്രകാരം)

എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് 2012 PWD മാന്വലിലെ നിബന്ധനകൾ അല്ല പഞ്ചായത്തിൽ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പൂർത്തീകരണ കാലാവധി ദീർഘി നൽകുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നതായും കാണുന്നില്ല.

__പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.__

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകി ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നില കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ പിഴ സംബന്ധിച്ച് പ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

മരാമത്ത് നടത്തിപ്പുമായി ബന്ധപ്പെട്ട മേൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടത കരാറുകാരുമായി കരാർ ചമക്കുമ്പോൾ പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ കരാറിൽ ഉൾപ്പെടുത ശ്രദ്ധിക്കേണ്ടതാണ്.

# 1-20 അംഗൻവാടി -അടിസ്ഥാന സൗകര്യങ്ങൾ

ഗ്രാമപഞ്ചായത്തിൽ ആകെ 28 അംഗൻവാടികളാണ് പ്രവർത്തിക്കുന്നത്. ഇതിൽ 24 എണ്ണത്തിന സ്വന്തമായി കെട്ടിട സൗകര്യമുള്ളത്.

അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ പൊതുവായ വിവരം താഴെ നൽകുന്നു

| | |
|---|---|
| സ്വന്തം കെട്ടിടം | 24 |
| സ്വന്തമായി സ്ഥലം | 26 |
| വൈദ്യുതീകരിച്ചത് | 19 |
| ടോയ്‌ലറ്റ് | 25 |
| ജല ലഭ്യത (സ്വന്തം കിണർ/ ടാപ്പ് ) | 4 |
| ഗ്യാസ് കണക്ഷൻ | 28 |

28 അംഗനവാടികളിൽ നാല് എണ്ണത്തിന് മാത്രമെ സ്വന്തമായി കുടിവെള്ള ലഭ്യതയുള്ളൂ എന്നതും മൂന്ന് എണ്ണ ടോയ്‌ലെറ്റ് സൗകര്യം ലഭ്യമല്ല എന്നതും വളരെ ഗൗരവമായി കണക്കാക്കേണ്ടതും ആവശ്യമായ അടിസ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-21 ആശ്രയ പ്രൊജക്ട് - പണം ചെലവഴിക്കാതെ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ 2008-11 കാലയളവിൽ നടപ്പാക്കിയ ആശ്രയ ആദ്യ ഘട്ട പ്രൊജക്ടിന് ലഭിച്ച തുകയിൽ 31.03.20 ₹ 2132827 ചെലവഴിക്കാതെ അവശേഷിക്കുന്നു.

അവശേഷിക്കുന്ന തുകയുടെ ഇനം തിരിച്ച വിവരം താഴെ നൽകുന്നു.

| പ്ലാൻ ഫണ്ട് | ചലഞ്ച് ഫണ്ട് | കമ്പ്യൂട്ടർ ഫണ്ട് | പലിശ &മറ്റുള്ളവ | ആകെ |
|---|---|---|---|---|
| 498244 | 933968 | 96710 | 603905 | 2132827 |

ആശ്രയ ആദ്യഘട്ട പ്രൊജക്ടിന് അനുവദിക്കപ്പെട്ട പ്ലാൻ ഫണ്ട് തുക ചെലവഴിക്കാത്തത് നിലവിൽ നടപ്പാക്കിവ അഗതി രഹിതം കേരളം പദ്ധതിയിൽ വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി നേടുകയോ അല്ലാത്ത പ സർക്കാറിലേക്ക് തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 1-22 നെൽവയൽ -തണ്ണീർ തട ഡാറ്റാ ബാങ്ക് തയ്യാറാക്കൽ- പ്രൊജ പൂർത്തീകരിച്ചില്ല

നെൽവയൽ, തണ്ണീർതട ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനും അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനും വേണ്ടി K

State Remote Sensing& Environment Centre എന്ന സ്ഥാപനത്തിന് ₹ 60000 നൽകിയിട്ടുണ്ട്.(ബിൽ നമ്പർ 18/18-1

14.02.2019 )

പ്രൊജക്റ്റ് നടത്തിപ്പിലെ അപാകതകൾ

a)ഡാറ്റാബാങ്ക് തയ്യാറാക്കി പഞ്ചായത്തിന് കൈമാറിയിട്ടില്ല.

b) ഈ സ്ഥാപനത്തിന് പണം മുൻകൂറായി നൽകുകയാണ് ചെയ്തത്. എന്നാൽ പണം മുൻകൂറായി നൽകാ

സ്ഥാപനമായി സർക്കാർ അംഗീകരിച്ചിട്ടില്ല.

c) സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല.

പ്രൊജക്റ്റ് പ്രകാരമുള്ള ഡാറ്റാബാങ്ക് ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹ 60000തടസ്സം ചെയ്യുന്നു.

## 1-23 പ്രൊജക്ട് നിർവഹണത്തിലെ അപാകതകൾ

2018-19 വർഷത്തിൽ ICDS സൂപ്പർവൈസർ നടപ്പാക്കിയ പ്രൊജക്റ്റുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു

1) ഭിന്ന ശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ ( 43/19 )

ഈ പ്രൊജക്റ്റ് പ്രകാരം ഭിന്നശേഷിക്കാർക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങിയത് KSIE എന്ന സ്ഥാപന നിന്നാണ്. ( ബിൽ നമ്പർ 36/22.03.2019 ₹ 199630 )

ടെണ്ടർ നടപടികൾ പാലിക്കാതെ നേരിട്ട് ഈ സ്ഥാപനത്തിൽ നിന്ന് വാങ്ങുകയാണ് ചെയ്തത്. ഭിന്ന ശേഷിക്കാർ ഉപകരണങ്ങൾ ടെണ്ടർ കൂടാതെ സപ്ലൈ ചെയ്യാൻ KSIE യെ അംഗീകൃത ഏജൻസിയായി സർക്കാർ അംഗീകരിച്ച ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) അനുപൂരക പോഷകാഹാരം

ഈ പ്രൊജക്ടിന്റെ ഭാഗമായി THRS , സബല ഭക്ഷ്യ മിശ്രിതങ്ങൾ കുടുംബശ്രീ യൂനിറ്റുകളിൽ നിന്ന് വാങ്ങുന്നതിന് 20 വർഷത്തിൽ ₹ 1575924 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ ഭക്ഷ്യ മിശ്രിതത്തിന്റെ ഗുണനിലവാര പരിശേ ഒരിക്കൽപോലും നടത്തിയിട്ടില്ല. ഗുണനിലവാര പരിശോധന സമയ ബന്ധിതമായി നടത്തേണ്ടതും ഗുണനിലവാ ഭക്ഷ്യ സാധനങ്ങളാണ് വിതരണം ചെയ്യുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-24 ലാപ് ടോപ്പ് വാങ്ങിയത് - ജി.എസ്.ടി - ടി.ഡി.എസ് പിടിച്ചത് സംബന്ധിച്ച്

പദ്ധതി : എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്-ടോപ്പ് (നം. S0088/18-19)

ട്രഷറി ബിൽ നം. 09/18-19, തീയ്യതി 28.03.19, തുക 4,25,000/-

2,50,000/- രൂപക്ക് മുകളിൽ മൂല്യം വരുന്ന വാങ്ങലുകൾക്ക് (Taxable Value), 01.10.2018 മുതൽ 2% നിര ജി.എസ്.ടി - ടി.ഡി.എസ് തുക പിടിച്ച് സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. (കേന്ദ്ര സംസ്ഥാന ചരക്ക് സേ നികുതി നിയമം, 2017 വകുപ്പ് 51(1), കേന്ദ്ര ധനകാര്യ വകുപ്പിന്റെ 13.09.18-ലെ 50/2018 Central Tax വിജ്ഞാ മുതലായവ പ്രകാരം). എന്നാൽ അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിൽ ഈ നടപടി പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| സപ്ലയർ | ഇൻവോയ്സ് നം, തീയ്യതി | ആകെ തുക | നികുതി കിഴിച്ചുള്ള മൂല്യം (Taxable Value) | ടി.ഡി.എസ് തുക (2%) |
|---|---|---|---|---|
| ഹാൽസിയോൺ ട്രാൻസ്മിഷൻ ടെക്നോളജീസ് | 306/23.11.18 | 432000 | 366102 | 7322 |

മേൽ പട്ടിക പ്രകാരം 7322/- രൂപ സപ്ലയറിൽ നിന്ന് പിടിച്ച് സർക്കാരിലേക്ക് അടവാക്കേണ്ടതായിരുന്നു. എ ആകെ തുകയായ 4,32,000/- രൂപയിൽ 7000/- രൂപ മാത്രമേ ഇങ്ങനെ പിടിച്ചിട്ടുള്ളൂ. ഈ തുക സർക്കാരി അടവാക്കാതെ തനത് ഫണ്ടിൽ നിലനിർത്തിപ്പോരുകയാണ്.

കുറഞ്ഞ തുക ജി.എസ്.ടി - ടി.ഡി.എസ് ആയി പിടിച്ചതിനും, ആയത് സർക്കാരിലേക്ക് അടവാക്കാതെ തനത് ഫ നിലനിർത്തിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 11/04.09.19-നുള്ള മറുപടിയിൽ തുക കൈമാറിയ സമയത്ത് ഉത്തരവ് ശ്രദ്ധയിൽപെടാത്തതിനാലാണ് ഇങ്ങനെ സംഭവിച്ചതെന്ന് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 31. നകം ടി തുക അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-25 ബഡ്സ് സ്ക്കൂളിലേക്ക് വാങ്ങിയ ഉപകരണങ്ങൾ/ വസ്തുക്കൾ വാങ്ങിയത് അപാകതകൾ സംബന്ധിച്ച്

എ) ഉപകരണങ്ങൾ/വസ്തുക്കൾ സ്ഥാപിച്ചിട്ടില്ല/ഉപയോഗിച്ചിട്ടില്ല

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ ബഡ്സ് സ്കൂളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിക്കു കീഴിൽ S0243/18-19), കുടുംബശ്രീ മിഷൻ ഫണ്ടിൽ നിന്നും 659610/- രൂപ ചെലവഴിച്ച് (ബഡ്സ് സ്കൂളിനായി തൻവ കുടുംബശ്രീ മിഷനിൽ നിന്നും ലഭിച്ച 1250000/- രൂപയിൽ നിന്നും വിനിയോഗിച്ചത്) താഴെ പറയുന്ന ഉപകരണ വസ്തുക്കൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇനം | ഇൻവോയ്സ് നം./തീയ്യതി | തുക | ചെക്ക് തീയ്യതി |
|---|---|---|---|---|
| 1 | പാത്രങ്ങൾ | ഐശ്വര്യ മെറ്റൽസ്, 48052/ 05.03.19 | 44,297 | 749925 18.03.19 |
| 2 | ഇലക്ട്രോണിക്ക് ഉപകരണങ്ങൾ (ഫ്രിഡ്ജ്, മിക്സി, ടി.വി എന്നിവ) | ലൈവ് ഈ-സോൺ ,C8/01.04.19 | 49,990 | 749925 18.03.19 |
| 3 | ഫർണിച്ചർ | സിഡ്കോ, MJRI/18-19/0399, 18.03.19 | 3,34,173 | 749925 22.03.19 |
| 4 | ഫിസിയോതെറാപ്പി ഉപകരണങ്ങൾ | സായി റീഹാബിലിറ്റേഷൻ, SR/1403/18-19/26.03.19 | 2,31,150 | 749926 28.03.19 |

| | | | | |
|---|---|---|---|---|
| | | ആകെ | 6,59,610 | |

എന്നാൽ 05.9.2019 ന് നടത്തിയ സ്ഥലപരിശോധനയിൽ മേൽപ്പറഞ്ഞവയിൽ ഫ്രിഡ്ജ്, മിക്സി എന്നിവ ഒ
മറ്റൊന്നും ഉപയോഗിച്ചിട്ടില്ല/സ്ഥാപിച്ചിട്ടില്ല എന്ന് കണ്ടു. ഉപകരണങ്ങൾ/വസ്തുക്കൾ ഉപയോഗിക്കാതെ സൂക്ഷിക്ക
ആയതിന്റെ വാറണ്ടി നഷ്ടപ്പെടുന്നതിന് ഇടയാക്കുന്നതും, നിർമ്മാണ വൈകല്യമോ മറ്റോ ഉള്ള പക്ഷം അ
പരിഹരിച്ച് ലഭിക്കുന്നതിനുള്ള സാധ്യത ഇല്ലാതാക്കുന്നതുമാണ്.

ബി) <u>പണം മുൻകൂർ അനുവദിച്ചു</u>

മേൽ ക്രമ നമ്പർ രണ്ട് പ്രകാരമുള്ള ഇൻവോയ്സിന്റെ തീയ്യതി 01.04.19 ആണ്. ആയതിനാൽ പ്രസ്തുത തീയ്യതി
അതിന് ശേഷമോ മാത്രമാണ് ഈ സാധനത്തിന്റെ വില നൽകാമായിരുന്നത്. എന്നാൽ പട്ടികയിൽ സൂചിപ്പിച്ച പ
18.03.19-ന് സാധനങ്ങൾക്ക് വില നൽകിയിട്ടുണ്ട്. സാധനങ്ങൾ ലഭ്യമാകുന്നതിന് മുമ്പ് ഇപ്രകാരം പണം നൽക
ക്രമപ്രകാരമല്ല.

സി) <u>സ്റ്റോക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പ് തൃപ്തികരമല്ല .</u>

മേൽപ്പറഞ്ഞ സാധനങ്ങളുടേയും, ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ വിവിധ പ്രൊജക്ടുകൾ പ്രകാരം വാങ്ങി നൽക
സാധനങ്ങളുടെയും സ്റ്റോക്ക് വിവരം ഒരു രജിസ്റ്ററിൽ വിശദാംശങ്ങൾ ഒന്നും രേഖപ്പെടുത്താതെ ഒന്നിന് താഴെ മ
എന്ന രീതിയിൽ എഴുതി സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് ശരിയല്ല. ദീർഘകാലം ഉപയോഗിക്കാവുന്ന ഫർണ
ഫിസിയോതെറാപ്പി ഉപകരണങ്ങൾ, ഫ്രിഡ്ജ്, മിക്സി, ടി.വി എന്നിവക്ക് പ്രത്യേകം പേജ് നൽകി സ്പെസിഫിക്കേ
ഇൻവോയ്സിന്റെ വിവരം, ലഭ്യമായ കേന്ദ്രത്തിന്റെ പേര് എന്നിവ രേഖപ്പെടുത്തി, സമാനമായ സാധനങ്ങ
തുടർച്ചയായി ക്രമനമ്പർ നൽകിയാണ് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടിയിരുന്നത്, ആയത് ചെയ്തിട്ടില്ല.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 12/06.09.19-ന് മറുപടി ലഭിച്ചിട്ടില്ല.

# 1-26 തുല്ല്യത പഠനം-കൈപ്പറ്റ് ഹാജരാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ 2018-19 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ തുല്യത പ
അനുബന്ധ ചെലവുകൾ- പ്രൊജക്ട് നമ്പർ18/18-19 പ്രകാരം പത്താം തരം തുല്ല്യതക്ക് രജിസ്റ്റർ ചെയ്തവരുടെ കോഴ്സ് ഫ
39 പേർക്ക് ആകെ 52650 രൂപയും ഹയർ സെക്കണ്ടറി തുല്ല്യതക്ക് രജിസ്റ്റർ ചെയ്തവരുടെ കോഴ്സ് ഫീസ് 15 പേ
ആകെ 22350 രൂപയും മൊത്തം 75000 രൂപ ജില്ലാ സാക്ഷരതാ മിഷൻ, മലപ്പുറത്തിന് നൽകിയിട്ടുണ്ട്(ബിൽ ന
05/18-19 തിയതി-16.03.19) . എന്നാൽ ആയതിന്റെ കൈപ്പറ്റ് ചീട്ട് നാളിതുവരെ ഹാജരാക്കിയിട്ടില്ല. അതുപോ
രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതിന്റെ രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/04-0
ലഭ്യമാക്കിയ മറുപടിയിൽ കൈപ്പറ്റ് ജില്ലാ സാക്ഷരതാ മിഷനിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ടെന്നും അ
ലഭ്യമായാലുടൻ ഹാജരാക്കുന്നതാണെന്നും പരീക്ഷ കഴിഞ്ഞ ശേഷം കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതാണെ
അറിയിച്ചു. തുടർ വിവരവും കൈപ്പറ്റും ലഭ്യമാക്കുന്നതുവരെ ചെലവ് തുക 75000/- രൂപ തടസ്സം ചെയ്യുന്നു.

# 1-27 മരുന്നുകൾ ലഭ്യമാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) 2018-19 സാമ്പത്തിക വർഷത്തിൽ നിർവഹ
നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. സപ്ലൈ ഓ
നൽകിയതിനനുസരിച്ചുള്ള മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിശദവിവരം ച
ചേർക്കുന്നു.

<u>1. പ്രൊജക്ട് നമ്പർ : 24/18-19, പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ</u>

ആകെ ചെലവ് തുക: 486884/-(പൊതുവിഭാഗം സാധാരണ വിഹിതം-100000, ബ്ലോക്ക് പഞ്ചാ
വിഹിതം-386884/-).

ചെലവിന്റെ വിശദ വിവരം

ബിൽ നമ്പർ / തിയതി: 05/13.02.19, തുക: 100000 രൂപ, പ്ലാൻ ഫണ്ട്

ചെക്ക് നമ്പർ/തിയ്യതി: 7499246/02.02.19(TSB), തുക: 233431 രൂപ, (തനത് ഫണ്ട്)

ചെക്ക് നമ്പർ/തിയ്യതി: 7499256/21.03.19(TSB), തുക: 37660 രൂപ, (തനത് ഫണ്ട്)

ചെക്ക് നമ്പർ 7499257 തി. 21-03-2019 തുക: 115793 രൂപ, (തനത് ഫണ്ട്)

എന്നാൽ ഇൻവോയ്സ് നമ്പർ: 50378/17.01.19 പ്രകാരം ആകെ 371091/- രൂപയുടെ മരുന്നുകൾ മാ ലഭ്യമായിട്ടുള്ളൂ. 115793 രൂപയുടെ മരുന്നുകൾ KMCL നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

2. പ്രൊജക്ട് നമ്പർ : 22/18-19പരിരക്ഷ പദ്ധതി

പരിരക്ഷ പദ്ധതിക്കായി മരുന്നുകൾ വാങ്ങുന്നതിനായി ചുവടെ ചേർത്ത പ്രകാരം KMCL തിരുവനന്തപുരത്തിന് തുക നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല.

| ക്രമ നം | ബില്ല്/ചെക്ക് നമ്പർ/തിയ്യതി | തുക/ഫണ്ട് | പ്രഫോർമ ഇൻവോയ്സ് നമ്പർ |
|---|---|---|---|
| 1 | 09/18-19 തി. 23-03-2019 | 17800 രൂപ (പ്ലാൻ ഫണ്ട്) | PRF 4678/22-02-2019 |
| 2 | 012754/21.03.19, KGB കിഴിശ്ശേരി | 17000രൂപ (തനത് ഫണ്ട്) | PRF 4679/22-02-2019 |
| 3 | 7499255/21.03.19(TSB) | 20000രൂപ(തനത് ഫണ്ട്) | PRF 4679/22-02-2019 |
| ആകെ | | 54800/- | |

ആകെ 54800 രൂപയുടെ മരുന്നുകൾ ലഭ്യമാവാനുണ്ട്.


ആകെ 170593/- (54800 +115793) രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കാനവശേഷിക്കുന്നുണ്ട്. അപാകത സൂചിപ്പിച്ച് നൽകിയ അന്വേഷണകുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കുന്നതാണെന്നറിയിച്ചു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കുന്നതുവരെ ചെലവ് തുക 170593/- രൂപ തടസ്സം ചെയ്യുന്നു.

# 1-28 ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ പർച്ചേസ് നടത്തി

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണ ഉദ്യോഗസ്ഥനായി 2018-19 സാമ്പത്തിക വർഷത്തിൽ നിർവ്വഹ നടത്തിയ പ്രൊജക്ട് നമ്പർ : 23/18-19, രോഗപ്രതിരോധ പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി ബിൽ നമ്പർ 08/ തിയതി: 23.03.19 പ്രകാരം 29200 രൂപ(പ്ലാൻ ഫണ്ട്) ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 8400/- രൂപ ശ്രീ.അമീർ ഭായ് എന്നവർക്കും 1600/- രൂപ ശ്രീ. അബ്ദുൽ കരീം കെ എന്നവർക്കും രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗ വാഹനം ഓടിയതിന് നൽകിയതാണ്. ശേഷിക്കുന്ന 19200 രൂപ ശ്രീ അബ്ദുൽ കരീം കെ.പി എന്നവ 0620053000005516 എന്ന അക്കൗണ്ട് (സൗത്ത് ഇന്ത്യൻ ബാങ്ക്, കിഴിശ്ശേരി ബ്രാഞ്ച്) നമ്പറിലേക്ക് നൽകിയി മേൽ പദ്ധതിയുടെ ഭാഗമായി പി.എച്ച്.സി മുതുവല്ലൂർ മെയിൻ സെന്ററിലും, ചുള്ളിക്കോട്, മുതുപറമ്പ്, മുതുവല്ലൂർ സബ്സെന്ററുകളിലും122x92 cm വലിപ്പത്തിലുള്ള നാല് ആക്രിലിക് ബോർഡുകൾ സ്ഥാപിച്ചതിനാണ് ഈ ചെലവഴിച്ചത്.

ജി.ഒ(പി)നം. 259/2010/ത.സ്വ.ഭ.വ തിയതി: 08.11.2010 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധന സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് മതിപ്പ വില 5000 രൂപക്ക് മുക 25000രൂപക്ക് താഴെയുമുള്ള വാങ്ങലുകൾ ക്വട്ടേഷൻ മുഖേനയാണ് നടത്തേണ്ടത്.

എന്നാൽ 19200 രൂപ ചെലവഴിച്ച് മേൽ ബോർഡുകൾ സ്ഥാപിച്ചതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ SI advertising, കിഴിശ്ശേരി എന്ന സ്ഥാപനത്തെ നേരിട്ട് ചുമതലപ്പെടുത്തുകയാണ് ചെയ്തത് എന്ന് കാ സ്ഥാപനത്തിന്റെ 04.12.2018, 01.12.2018, 22.01.2019, 05.02.2019 എന്നീ തിയതികളിലെ 4800 രൂപയുടെ 4




ബില്ലുകൾ (വൗച്ചർ നം.121 മുതൽ 124 വരെ) ഹാജരാക്കിയിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യ നൽകിയ അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ക്വട്ടേഷൻ ന യഥാസമയം സ്വീകരിച്ചതാണെന്നും ആയതിന്റെ രേഖകൾ ഓഫീസിൽ ന മിസ്പ്ലേസ്ഡ് ആയതാണെന്നും ആയത് ലഭ്യമായിട്ടില്ല എന്നും ആയത് കണ്ടെ ഹാജരാക്കുന്നതാണെന്നും അറിയിച്ചു. രേഖകൾ ഹാജരാക്കേണ്ടതാണ്, രേഖ ഹാജരാക്കുന്നത് വരെ ചെലവ് തുക 19200 /-രൂപ തടസ്സം ചെയ്യുന്നു.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22-07-2019 മുതൽ 23.07.2017 വരെ | കെ.എസ്.എ.എം.പി.എം 9/1179/19/6.8.2019 |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പറും | ചെലവഴിച്ച തുക | നീക്കിയ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 222000 | പാലിയേറ്റീവ് പരിചരണം, പ്രൊജക്ട് നമ്പർ: 22/18-19 | 185000 | 37000 |
| | 2018-19 | 400000 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്, പ്രൊജക്ട് നമ്പർ:28/18-19 | 400000 | 0 |
| | 2018-19 | 657566 | ലൈഫ് ഭവനപദ്ധതി – ജനറൽ പ്രൊജക്ട് നമ്പർ:96/18-19 | 657566 | 0 |
| | 2018-19 | 1102400 | ലൈഫ് ഭവനപദ്ധതി – എസ്.സി പ്രൊജക്ട് നമ്പർ:116/18-19 | 800000 | 302400 |
| | 2018-19 | 17000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി പ്രൊജക്ട് നമ്പർ:70/18-19 | 8772 | 8228 |
| | 2018-19 | 386884 | പി.എച്ച്.സി-ക്ക് മരുന്ന് വാങ്ങൽ പ്രൊജക്ട് നമ്പർ:24/18-19 | 386884 | 0 |
| | 2018-19 | 25500 | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി പ്രൊജക്ട് നമ്പർ:149/18-19 | 25500 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 264740 | ലൈഫ് ഭവനപദ്ധതി – ജനറൽ പ്രൊജക്ട് നമ്പർ:96/18-19 | 264740 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | 2018-19 | 564200 | ലൈഫ് ഭവനപദ്ധതി – എസ്.സി<br>പ്രൊജക്ട് നമ്പർ:116/18-19 | 346600 | 217600 |
| | 2018-19 | 400000 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്<br>പ്രൊജക്ട് നമ്പർ:28/18-19 | 400000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴി ബാക്കിയു തുക |
|---|---|---|---|---|---|---|
| ഭൂജല വകുപ്പ് | കുഴൽകിണർ റിപ്പയർ | | 100000 | ഇല്ല | ഇല്ല | 100000 |
| കേരള വാട്ടർ അതോറിറ്റി | പോത്തുവെട്ടിപാറ-താളിയിൽപടി റോഡ് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | ബിൽനം. 11/29.11.18<br>400000/-,<br>200000/-തനത്, ചെക്ക് നമ്പർ 7499046/26.10.18 | 600000 | ഇല്ല | ഇല്ല | 600000 |
| കേരള വാട്ടർ അതോറിറ്റി | പള്ളിക്കുന്നത്ത് കൊഞ്ഞലപ്പടി പൈപ്പ് ലൈൻ നീട്ടൽ | 297000/-<br>ബിൽനം. 16/24.11.18 | 297000/- | ഇല്ല | ഇല്ല | 297000 |
| കേരള വാട്ടർ അതോറിറ്റി | അക്കരക്കുന്നത്ത് തുള്ളിശ്ശേരി എസ്.സി.കോളനി ഹൗസ് കണക്ഷൻ | ബിൽനം. 17/24.11.18 | 213000/- | ഇല്ല | ഇല്ല | 213000/- |
| കേരള വാട്ടർ അതോറിറ്റി | ജി.എം.എൽ.പി സ്കൂളിലേക്ക് പൈപ്പ് ലൈൻ | 70000/-<br>ബിൽനം. 24/12.3.19, 200000/- തനത്, ചെക്ക് നമ്പർ 1905780/7.3.19 | 270000/- | ഇല്ല | ഇല്ല | 270000/- |
| കേരള വാട്ടർ അതോറിറ്റി | മുതുപ്പറമ്പ് തോട്ടാശ്ശേരി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | ബിൽനം. 18/13.12.18 | 400000/- | ഇല്ല | ഇല്ല | 400000/- |
| പൊതുമരാമത്ത് വകുപ്പ് | P.H.C ക്ക് വയറിംഗ് | വൗച്ചർ നം. 21800393/ 04.10.18 | 599625/- | ഇല്ല | ഇല്ല | 599625/- |

(കുറിപ്പ് : മേൽ പട്ടികയിലെ തുകകളും വാർഷിക ധനകാര്യ പത്രികയിലെ തുകകളും തമ്മിൽ പൊരുത്തക്കേടുണ്ട് വിശദാംശങ്ങൾ ഖണ്ഡിക 1.11-ൽ)

## 4-4 മൊബൈലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| 1 | ലൈഫ് ഭവന പദ്ധതി | G.O.(MS)No. 68/2018/LSGD തിയതി 18.05.18 | 1348437 | | | 1348437 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 9270/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2013-14,2014-15 | 3-1 | 6770 | സരളകുമാരി.എ, ഹെഡ്മിസ്ട്രസ്സ് | 118020102937/20/10/ |
| 2011-12,2015-16 (എ.ജി) | 2-1 | 2500 | പി.മുഹമ്മദ് ഉബൈദ് - മുൻ ടെക്നിക്കൽ അസിസ്റ്റന്റ് | 118020103424/05/01/ |
| ആകെ | | 9270 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തില മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം23 -ാം വകുപ്പ് പ്രകാ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | അനുബന്ധം 3 | വസ്തുനികുതി സംബന്ധിച്ച് | 04.09.18 ലെ ബി4-3110/18 പ്രകാരം മറുപടി നൽകി |
| | 2-2 | | അനുബന്ധം 4 | തൊഴിൽനികുതി സംബന്ധിച്ച് | |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62511033 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58098654 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2811258 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 2479625 | ശ്രീ. പ്രദീപൻ പി.കെ, സെക്രട്ടറി |
| 1-17 | 6840 | ശ്രീ. പ്രദീപൻ പി.കെ, സെക്രട്ടറി |
| 1-22 | 60000 | ശ്രീമതി. സൈഫുന്നീസ ടി.കെ, കൃഷി ഓഫീസർ |
| 1-26 | 75000 | ശ്രീ. ഷൗക്കത്തലി, ഹെഡ്മാസ്റ്റർ |
| 1-27 | 170593 | ഡോ. സ്വാബിർ നാലകത്ത്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-28 | 19200 | -ടി- |
| ആകെ | 2811258 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 389 | ശ്രീ. പ്രദീപൻ പി.കെ, സെക്രട്ടറി |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രദീപൻ പി.കെ, സെക്രട്ടറി | സെക്രട്ടറി, മുതുവല്ലൂർ ഗ്രാമപഞ്ചായത്ത് | നികുഞ്ജം, തേഞ്ഞിപ്പലം പി.ഒ, മലപ്പുറം ജില്ല.Pin-673636 |
| ഡോ. സ്വാബിർ നാലകത്ത്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) വിളയിൽ, മുതുവല്ലൂർ. | നാലകത്ത് വീട്, അരീക്കോട്, അരീക്കോട് പി.ഒ, മലപ്പുറം ജില്ല.Pin-673639 |
| ശ്രീമതി. ഷാനി ജസ്റ്റി, ഐ.സി.ഡി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ, മുതുവല്ലൂർ | പഴേരി വീട്, പഴങ്ങാടി, കൊണ്ടോട്ടി, മലപ്പുറം ജില്ല. |

| | | |
|---|---|---|
| സൂപ്പർവൈസർ | ഗ്രാമപഞ്ചായത്ത് | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ.എം.പി.എം.9/2781/2017 തി : 21-04-2018 | 1 |
| 2008-09 | കെ.എസ്.എ.എം.പി.എം.9/2781/2017 തി : 21-04-2018 | 1 |
| 2009-10,10-11 | കെ.എസ്.എ.എം.പി.എം.9/2781/2017 തി : 21-04-2018 | 7 |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം.9/2781/2017 തി : 21-04-2018 | 2 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം.9/2781/2017 തി : 21-04-2018 | 4 |
| 2015-16 | കെ.എസ്.എ.എം.പി.എം.7/3093/2016 തി: 07.03.2018 | 5 |
| 2016-17 | കെ.എസ്.എ.എം.പി.എം.7/1777/2017 തി: 26.07.2018 | 13 |
| 2017-18 | കെ.എസ്.എ.എം.പി.എം.9/2421/18 തി. 24.10.2018 | 12 |

ഡെപ്യൂട്ടി ഡയറക്ടർ, മല

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

**കെ.എസ്.എ.എം.പി.എം.9/1179/2019** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, മല**

പിൻ-676505 ഫോൺ:0483273

dompm.ksad@kerala.g

**തിയ്യതി: 06/08/**

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ

കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശ അവലംബിച്ചും മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2019 – ൽ അവസാനിച്ച വർഷത്തെ വാർ ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുതു ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതി അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയ**

**ജില്ലാ ഓഡിറ്റ് കാര്യാലയം, മല**